വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Reg.No. E-3884/05/K.Div.
ബ്രദറൺ വാർത്താ പത്രിക

**ഉൾപ്പേജുകളിൽ...**


- വിസ്മയ വിഹാഹം 2
- കല്ലറകൾ തുറക്കപ്പെടുമോ? 3
- വിശ്വാസത്തിന്റെ ശുശ്രൂഷയുമായി ഷൈൻ 3
- പ്രവർത്തന വാർത്തകൾ 4
- തൃശ്ശൂർ കിഴക്കേകോട്ട സഭാഹാൾ സമർപ്പണം 4


പുസ്തകം 9, ലക്കം 5    2011 മെയ് 5

# ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്–2011



സുവി. എം.വി. ബാബു, സഹോ. ഐസക്ക് മണ്ണൂർ (USA) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. സുവി. കാലേബ്, സുവി. വിവേക് എന്നിവർ പരിഭാഷപ്പെടുത്തുന്നു.

**പുളിയംഗുഡി:** ബെഥേൽ ബ്രദറൺ അസംബ്ലിയുടെ ആഭിമുഖത്തിലും ഫീബാ കോൺഫ്രൻസ് (USA) യുടെ സഹകരണത്തിലും നടത്തിയ ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് 2011 മെയ് 1 ന് അനുഗ്രഹകരമായി സമാപിച്ചു. കർതൃദാസന്മാരായ ഐസക് മണ്ണൂർ യു.എസ്.എ., ജോസഫ് രാജൻ കോയമ്പത്തൂർ, എം.വി. ബാബു കല്ലിശ്ശേരി എന്നിവർ വചനം ശുശ്രൂഷിച്ചു. അനുഗ്രഹത്തിന്റെ മാരി ചൊരിഞ്ഞ മൂന്നു രാത്രികളിലും നിരവധിയാളുകൾ കർത്താവിനെ സ്വീകരിച്ച് ഏറ്റു പറഞ്ഞ് മുമ്പോട്ടു വരുവാൻ ഇടയായി. ആയിരത്തിലധികം വരുന്ന വലിയ ജനാവലി മൂന്നു രാത്രികളിൽ യോഗത്തിൽ സംബന്ധിച്ചിരുന്നു.

അന്ധകാരത്തിൽ ഇരുന്ന ജനത്തിന് വെളിച്ചം പകരുവാൻ ഭൂജാതനായ ദൈവപുത്രനായ യേശുക്രിസ്തുവിനെ കൈകളിലേന്തി വന്ദ്യവയോധികനായ ശിമയോൻ, ഇപ്പോൾ നാഥാ നീ അടിയനെ സമാധാനത്തോടെ വിട്ടയ്ക്കുന്നു. ലൂക്കോസ് രണ്ടാം അദ്ധ്യായം ഉദ്ധരിച്ചുകൊണ്ട് സഹോ. ഐസക്ക് മണ്ണൂർ നൽകിയ സന്ദേശം ഏറെ അനുഗ്രഹപ്രദമായിരുന്നു. ബാബു കൊട്ടാരക്കര, ഷിബു ഉഡുമൽപേട്ട, ജോഷ്വാ മധുര, ശങ്കർ പോണ്ടിച്ചേരി ഇവർ നടത്തിയ ഗാനശുശ്രൂഷ ആകർഷകം ആയിരുന്നു. മേയ് 1 ന് പുളിയാംഗുഡി റോട്ടറി ക്ലബിൽ നടന്ന ആരാധനയോഗത്തിൽ നൂറോളം വിശ്വാസികൾ പങ്കെടുത്തു. പുതുതായി തീരുമാനം എടുത്ത ചിലരും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. സുവി. ഫിലിപ്പ്കുട്ടി, ചിന്നരാജ്, ജോൺ കെന്നഡി, റ്റി.പി. തോമസ്, സഞ്ജീവി, ജോർജ്ജ് ചെത്തി, സേവ്യർ മണിപ്പൂർ തുടങ്ങിയവർ വിവധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

## 39–ാമത് സൗത്ത് തമിഴ്നാട് ബിലിവേഴ്സ് ക്യാമ്പിന് തുടക്കമായി



**കുറ്റാലം** : 2011 മെയ് 2 തിങ്കൾ രാവിലെ 10 മണിക്ക് കുറ്റാലം റോക്ക് ഹാളിൽ സുവി. ജോസഫ് രാജൻ കോയമ്പത്തൂരിന്റെ സന്ദേശത്തോടുകൂടി 39-ാമത് സൗത്ത് തമിഴ്നാട് കോൺഫ്രൻസിന് തുടക്കമായി.

'നാം ക്രിസ്തുവിൽ ഒന്നാണ്' എന്ന ക്യമ്പ് തീം ആസ്പദമാക്കി സന്നിഹിതരായിരുന്ന ദൈവജനത്തോട് അദ്ദേഹം സംസാരിക്കുകയുണ്ടായി.

കർത്ത്യദാസന്മാരായ ഐസക്ക് മണ്ണൂർ, എം.വി.ബാബു തുടങ്ങിയവർ യോഗത്തിൽ സന്ദേശങ്ങൾ നൽകുന്നു. പ്രസന്നൻ മധുര യുവാക്കന്മാരുടെ യോഗത്തിന് നേതൃത്വം നൽകുന്നു. എൽഡേഴ്സ് കോൺഫ്രൻസ്, ഫാമിലി മീറ്റ്, തുടങ്ങിയ പ്രത്യേക യോഗങ്ങളും നടക്കുന്നു.

## സുവിശേഷദാഹവുമായി കോണ്ടാ ഗോത്രവർഗ്ഗങ്ങൾ

**അരക്കുവാലി** (ആന്ധ്രാപ്രദേശ്). ആന്ധ്രയിലെ മുപ്പത്തിയഞ്ച് ലക്ഷത്തിൽപരം കോണ്ടാസ് ആദിവാസിവിഭാഗത്തിന് സുവിശേഷ വെളിച്ചവുമായി ക്രിസ് സാമുവേൽ മിനിസ്ട്രീസ്. കഴിഞ്ഞ മൂന്നു വർഷത്തെ ആദിവാസി ഗ്രാമസുവിശേഷീകരണം വളരെ ഉയർന്ന ആത്മീക ചലനങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്.

ശ്രീകാകുളം, വിജയനഗരം, വിശാഖപട്ടണം, അരക്കു തുടങ്ങിയ സ്ഥലങ്ങളിലെ ഉൾഗ്രാമങ്ങളാണ് പ്രവർത്തനമേഖലകൾ. രണ്ടു വചനപഠനശാലകളും നാലു ഗ്രാമീണ സ്കൂളുകളും ഇപ്പോൾ പ്രവർത്തനം തുടരുന്നു. 23 വേദവിദ്യാർത്ഥികൾ പരിശീലനം നേടുന്നു. കോണ്ടാസ് ഗോത്രവിഭാഗത്തിൽപെട്ടവരാണ് എല്ലാവരും തന്നെ. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നായി പ്രാപ്തരായ ദൈവദാസന്മാർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വചനം അഭ്യസിപ്പിക്കുന്നു.

ശുദ്ധജലത്തിനായി നാലു കിലോമീറ്റർ സഞ്ചരിച്ചിരുന്ന ബങ്കൂജ ആദിവാസികൾക്ക് സി. എസ്. എം. ടീം ജലവിതരണം നടത്തി. ജീവജലം എത്രയോ അധികം പ്രാധാന്യമുള്ളവയെന്ന ബോധ്യം ജനഹൃദയങ്ങൾക്ക് കൈമാറി.




" ക്രിസ് സാമുവേൽ ട്രയിനിംഗ് സെന്ററിലെ വിദ്യാർത്ഥികൾ സുവിശേഷദൗത്യവുമായി ഗ്രാമങ്ങളിലേക്ക്"

12 സുവിശേഷപ്രവർത്തകർ പൂർണ്ണസമയവും ഗ്രാമങ്ങളുടെ ആത്മീക ഉദ്ധാരണത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്നു. ഭവനസന്ദർശനവും പരസ്യപ്രഭാഷണവും വചനബോധനവും നല്കുകയാണ് മുന്നണിപ്പോരാളികൾ. വസ്ത്രവും ദൈനംദിന ആവശ്യങ്ങളും വീടും ഉപജീവനത്തിനുവേണ്ടിയുള്ള മത്സരവും ഈ വിഭാഗങ്ങളെ ഏറെ അസ്വസ്തരാക്കുന്നു. ഉപയോഗയോഗ്യമായ വസ്ത്രങ്ങളും സാമ്പത്തികസഹായവും അനേകർക്കും ആവശ്യമായിരിക്കുന്നു.

വിശാഖപട്ടണത്തിൽനിന്നും നൂറു കിലോമീറ്റർ ഉള്ളിലായി അരക്കു വില്ലേജിൽ അഞ്ച് സ്ഥലംസഭകൾ ക്രിസ് സാമുവേൽ മിനിസ്ട്രീസിന്റെ പ്രവർത്തനഫലമായി രൂപം കൊണ്ടിട്ടുണ്ട്.

ക്രിസ് സാമുവേൽ മൺമറഞ്ഞിട്ട് നാലുവർഷം പിന്നിടുമ്പോഴും തനിക്കു ലഭിച്ച ദർശനം ആന്ധ്രയിൽ പൂർണ്ണവിജയത്തിലേക്ക് നീങ്ങുകയാണ്. കർത്താവിന്റെ വരവിനുമുമ്പായി ചില വലിയവേലകൾ ചെയ്തെടുക്കവാൻ സമർപ്പിതരായ ക്രിസ് സാമുവേൽ മിനിസ്ട്രീസിനെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

## കല്ലിശ്ശേരി വി.ബി.എസ്. സമാപിച്ചു




ബ്രദറൺ വി.ബി.എസ്. റാലി – കല്ലിശ്ശേരിയിൽ

**കല്ലിശ്ശേരി :** കല്ലിശ്ശേരിയിലും ചുറ്റുപാടുമുള്ള സ്ഥലം സഭകളുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 11 മുതൽ 1 6 വരെ നടത്തപ്പെട്ട വി.ബി.എസ്. 16-4-11ന് കല്ലിശ്ശേരി ടൗൺ ചുറ്റിയുള്ള റാലിക്കുശേഷം ബി.ബി.സി. ആഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തോടെ സമാപിച്ചു. സ്ഥലം സഭകളിൽ നിന്നും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്നുമായി 175ലധികം കുട്ടികൾ പങ്കെടുത്തു. എല്ലാ കുട്ടികൾക്കും പ്രോത്സാഹനസമ്മാനങ്ങളും വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് പ്രത്യേക സമ്മാനങ്ങളും നൽകപ്പെട്ടു. പല കുട്ടികളും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചുകൊണ്ട് ആത്മീയനുഗ്രഹം പ്രാപിച്ചവരായി മടങ്ങാനും ദൈവം കൃപ ചെയ്തു. ഇവരുടെ ആത്മീയ വളർച്ചയ്ക്കും അനുഗ്രഹത്തിനുമായി തുടർന്നും പ്രാർത്ഥിക്കുക.

## "സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"

### എഡിറ്റോറിയൽ



# വിസ്മയ വിവാഹം

ബ്രിട്ടീഷ് രാജകുമാരൻ വില്യമിന്റെയും കെയ്റ്റിന്റെയും വിവാഹം അതിമനോഹരമെന്ന് മാധ്യമങ്ങൾ പുകഴ്ത്തുമ്പോൾ ബ്രിട്ടന് കനത്ത സാമ്പത്തിക ആഘാതമെന്ന് ഒരു കൂട്ടർ. ലോകം സാക്ഷിനിന്നിട്ടുള്ള വിവാഹച്ചടങ്ങുകളിൽ ഏറ്റവും ക്രമീകൃതവും സുന്ദരവുമാണ് ബ്രിട്ടീഷ് രാജകുടുംബത്തിലെ വിവാഹം. രാജകുടുംബത്തെ മാധ്യമങ്ങൾ പ്രശംസകൊണ്ട് മൂടുകയാണ്.

വിവിധ രാജ്യങ്ങളിൽ, ഭാഷകളിൽ, ജനവിഭാഗങ്ങളിൽ വ്യത്യസ്തരീതിയിലുള്ള വിവാഹം നടക്കുന്നു. ചിലത് മണിക്കൂറുകൾ നീളുമ്പോൾ ചിലത് മിനിറ്റുകൾകൊണ്ട് അവസാനിക്കുന്നു. കോടികൾ ചിലവിടുന്ന വിവാഹവും വളരെ ലളിതമായ വിവാഹവും ഉണ്ട്. സാറ്റലൈറ്റ് വിവാഹം നടക്കുമ്പോൾ അന്തർവാഹിനിയിലും ആഴക്കടലിലും ആഡംബരക്കപ്പലിലും അന്തരീക്ഷത്തിലും നൈട്രജൻ ബലൂണിലും പാരച്യൂട്ടിലും വിവാഹം നടക്കുന്നു. ലോകത്തിൽ എത്ര മനോഹരമായ വിവാഹം നടന്നാലും അതിന് പരിമിതികളുണ്ട് എന്ന് ചാൾസ് രാജകുമാരന്റെയും ഡയാനയുടെയും വിവാഹം വിളിച്ചറിയിക്കുന്നു. 28 വർഷങ്ങൾക്കു മുമ്പ് ഏറെ ഒച്ചപ്പാടോടുകൂടെ നടന്ന വിവാഹം രാജകീയമെങ്കിലും നിലനിന്നില്ല.

നിലനിൽക്കാത്ത, പരിമിതിക്കുള്ളിലുള്ള വിവാഹങ്ങൾക്ക് വിശ്വാസലോകം പോലും കോടികൾ ചിലവഴിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന ആത്മീക അന്തസത്ത മനുഷ്യൻ മറന്നു പോകുന്നു. കോടികൾ ചിലവഴിച്ച് നടത്തുന്ന വിവാഹങ്ങൾ ഒരു വാക്കിന്റെ കൈമാറ്റത്തിൽ വിവാഹമോചനത്തിൽ അവസാനിക്കുന്നു. വിവാഹത്തിന്റെ ആർഭാടത്തിന് ബദ്ധപ്പെടുന്ന സമയത്തിന്റെ ഒരു ഭാഗം മക്കളെ ഉപദേശിക്കുവാൻ എടുത്തിരുന്നെങ്കിൽ സ്ഥിതി മാറുമായിരുന്നു.

ലളിതമെങ്കിലും പ്രൗഢമായൊരു വിവാഹം നടക്കുവാൻ പോകുന്നു. യേശുക്രിസ്തു തന്റെ മണവാട്ടിയുമായുള്ള വിവാഹം. ലോകത്തിലെ ഏത് മണവാട്ടിയേയും അതിശയിപ്പിക്കുന്ന നിലയിൽ ക്രിസ്തുവിന്റെ മണവാട്ടി തന്നെത്താൻ ഒരുങ്ങുന്നവളാണ്. ബ്യൂട്ടിപാർലറിന്റെ സഹായമില്ലാതെ ആധുനിക ബ്യൂട്ടിപായ്ക്കുകളില്ലാതെ പകരം വിശുദ്ധന്മാരുടെ നീതിപ്രവർത്തികൾ എന്ന ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചാണ് അവൾ പ്രത്യക്ഷപ്പെടുന്നത്. ലോകത്തിലെ ഏത് ആഡംബരവിവാഹവും മരണം കൊണ്ട് മാറ്റപ്പെടുമ്പോൾ, ഇത് എന്നേക്കും നിലനിൽക്കുന്ന ബന്ധമാണ്. ഈ വിവാഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത എന്തെന്നാൽ മണവാളൻ സ്വന്തം ജീവൻ ബലിയർപ്പിച്ചാണ് മണവാട്ടിയെ നേടുന്നത്. കാൽവറി ക്രൂശിൽ പൂർത്തീകരിച്ച രക്ഷണ്യവേലയിൽ വിശ്വസിക്കുന്ന ഏവർക്കും മണവാട്ടി സഭയുടെ അംഗങ്ങളായി തീരുവാൻ സാധിക്കും.

**എം. വി. ബാബു.**

## പീരുമേട് വി.ബി.എസ്.

2011 ഏപ്രിൽ 18, 19, 20 ദിവസങ്ങളിൽ രാവിലെ 8.30 മുതൽ വൈകുന്നേരം 4 വരെ പീരുമേട് ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ കുട്ടിക്കാനം സഭാഹാളിൽ വെച്ച് വി.ബി.എസ്. നടന്നു. ആർ. റ്റി.ഐ. തൃശൂർ റ്റീം വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

**ഷാജഹാൻ വി. ഹസ്സൻ.**

## റാണിമുടി വി. ബി. എസ്.

2011 ഏപ്രിൽ 11-16 വരെ റാണിമുടി സഭാഹാളിൽ വെച്ച് വി.ബി.എസ്സ്. നടന്നു. തൃശൂർ റഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ റ്റീം വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

**സജുജോൺ കാലേബ്**

## ധ്യാനയോഗം നടന്നു

**എരുമേലി.** ശാലേം ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ ഏകദിന ധ്യാനയോഗം നടന്നു. ഏപ്രിൽ 23 വെള്ളി രാവിലെ 9:30 മുതൽ 3:30 വരെ നടന്ന ഏകദിന കൂടിവരവിൽ സഹോദരന്മാരായ വിൽസൺ തോമസ്, എൻ. ബി. ഷാജി എന്നിവർ വചനധ്യാനം നടത്തി. ബൈബിൾ ക്വിസ്, ടാലന്റ് ടൈം എന്നീ പരിപാടികളും നടത്തപ്പെട്ടു. പി. ഐ. രാജൻകുട്ടി, ഫെബിൻ ജോൺസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.


**അദ്ധ്യാപകരെ ആവശ്യമുണ്ട്**

ബി.എഡ്. ഉള്ളവർക്ക് (പ്രത്യേകിച്ച് ഇംഗ്ലീഷ്) കർതൃവേലയുടെ ഭാഗമായി ഒരു ജോലി സാദ്ധ്യത. റിട്ടയേർഡ് വ്യക്തികൾക്കും കപ്പിൾസിനും മുൻഗണന. താമസസൗകര്യം ക്രമീകരിച്ചു നൽകുന്നതാണ്.

**ഫോൺ : 9847368697, 9447877132**


## സ്നാനശുശ്രൂഷ

**ചെറുപുഴ :** ചെറുപുഴ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. സമുദായ പശ്ചാത്തലത്തിലുള്ള കുടുംബങ്ങളിൽ നിന്നുള്ളവരും വിശ്വാസ കുടുംബങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടവരും ഉൾപ്പെടെ 11 പേർ ഡിസം. 12 നും 4 പേർ മാർച്ച് 6നും വിശ്വാസ സ്നാനം സ്വീകരിച്ചു. ബ്രദർ ജോൺ പി. തോമസ്, ബ്രദർ പ്രണേഷ് പി. സി. (ചെറുപുഴ) എന്നിവർ ശുശ്രൂഷകൾ നിർവ്വഹിച്ചു. അനുധാവന പ്രവർത്തനങ്ങൾ നടക്കുന്നു. ആത്മാക്കൾ രക്ഷിക്കപ്പെടുവാനും സഭയുടെ ആത്മീയ വളർച്ച്യ്ക്കും നിലനില്പിനുമായി ദൈവജനം പ്രാർത്ഥിക്കുക.

## ബിലിവേഴ്സ് ബ്രദറൺ അസംബ്ലി ബാംഗ്ലൂർ തെക്ക്

ദൈവകൃപയാൽ ഇവിടുത്തെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. സഭയുടെ മൂന്നാം വാർഷികം കഴിഞ്ഞ മാർച്ച് 19,20 തീയതികളിൽ നടത്തുവാൻ ദൈവം സഹായിച്ചു. സഹോ. കെ. എ. മാത്യു ചെന്നൈ, കടന്ന് വന്ന് സഭയെക്കുറിച്ച് പങ്കുവെച്ച സന്ദേശങ്ങൾ വളരെ പ്രയോജനകരമായിരുന്നു. രക്ഷിക്കപ്പെട്ട് സഭയിൽ തുടർന്നു വന്നുകൊണ്ടിരിക്കുന്നവരിൽ ചില സഹോദരിമാർക്ക് വീട്ടിൽ നിന്ന് ഭയങ്കര എതിർപ്പുണ്ട് ഇവരുടെ ഭർത്താക്കന്മാരും, മാതാപിതാക്കളും രക്ഷിക്കപ്പെടുവാൻ പ്രാർത്ഥന അത്യാവശ്യമാണ്. പ്രാർത്ഥിപ്പാൻ അഭ്യർത്ഥിക്കുന്നു.

സി.ഫ്. ഡേവിഡ് കണ്ടാത്ത്

## സോദരീസമാജം കല്ലിശ്ശേരി സെന്റർ

**കല്ലിശ്ശേരി :** ദൈവം അനുവദിച്ചാൽ അടുത്ത സമ്മേളനം എടത്വ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ മെയ് 27 വെള്ളിയാഴ്ച നടത്തുവാൻ ആഗ്രഹിക്കുന്നു. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം കടന്നു വരണം എന്ന് താല്പര്യപ്പെടുന്നു. മത്തായി 1-10 വരെ അദ്ധ്യായങ്ങളിൽ നിന്നും ബൈബിൾ ക്വിസ് ഉണ്ടായിരിക്കുന്നതാണ്. മോളി ബാബു (സെക്രട്ടറി) 9495924260.

## വയനാട്ട് ടീൻസ് ക്യാമ്പ് സമാപിച്ചു

**കൃഷ്ണഗിരി.** വയനാട് ജില്ലയിലെ ബ്രദറൺ സഭകളിൽനിന്നുള്ള വിദ്യാർത്ഥികളുടെ ആത്മീകപുരോഗതി ലക്ഷ്യമിട്ട് ഒരു ടീൻസ് ക്യാമ്പ് കൃഷ്ണഗിരി സഭാഹാളിൽ നടന്നു. എഴുപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഏപ്രിൽ 21 മുതൽ 23 വരെ നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം സുവി. സി. റ്റി. ജോണിക്കുട്ടി നിർവഹിച്ചു. ബ്രദർ റ്റി.എം. ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. കെ.വി.മാത്യു, ഡോ. ജോൺ ഏബ്രഹാം, ഏബ്രഹാം തോമസ്, ഡോ. രാജൻ ബാബു, സി. റ്റി. ജോണിക്കുട്ടി എന്നിവർ ക്ലാസ്സുകൾ എടുത്തു. ഗോഡ്സൻ വാലായിൽ, എം. എസ്. ഉണ്ണി, സന്തോഷ് മാത്യു, കെ. ബി. റജി, ബേബി ഈനാശ് എന്നിവർ നേതൃത്വം നൽകി. പങ്കെടുത്ത നിരവധി പേർക്ക് ജീവിതസമർപ്പണത്തിനും ക്യാമ്പ് വഴിയൊരുക്കി. സമാപനസമ്മേളനത്തിൽ മാതാപിതാക്കളും സഭാംഗങ്ങളുമായി നല്ല കൂട്ടം പങ്കെടുത്തു.

## വിശ്വജ്യോതി മിഷൻ സ്കൂൾ, വാഗമൺ

നിർദ്ധനരും, നിരാലംബരും, ധാർമ്മിക പരാജയത്തിൽ വലയുകയും ചെയ്യുന്ന കുടുംബങ്ങളുടെ കുഞ്ഞുങ്ങൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും, ദൈവവചന പഠനവും നൽകുവാൻ 2000-ൽ ആരംഭിച്ചതാണ് ഈ സ്കൂൾ പ്രവർത്തനം. എൽ.കെ.ജി. മുതൽ 7-ാം ക്ലാസ്സു വരെ കഴിഞ്ഞ അദ്ധ്യയനവർഷം 140 കുട്ടികൾ പഠനം നടത്തി. ഈ വരുന്ന അദ്ധ്യയനവർഷവും ഈ കുട്ടികളെ കൂടാതെ, പുതിയ അഡ്മിഷൻ പ്രതീക്ഷിക്കുന്നു. ഇതുവരെ വാടക ബിൽഡിംഗിൽ നടന്ന സ്കൂളിന് 2011 ഫെബ്രുവരി 26ന് സ്വന്തം സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു. 10 അദ്ധ്യാപകരും 3 അനദ്ധ്യാപകരും കഴിഞ്ഞ അദ്ധ്യയനവർഷം ഇവിടെ സേവനം ചെയ്തു.ഇത് ഒരു ശുശ്രൂഷ ആകയാൽ ദൈവജനം പ്രാർത്ഥിച്ചാലും.

## സഹോദരീസംഗമം

**പീരുമേട് :** ദൈവകൃപയാൽ ഹൈറേഞ്ചിലെ സോദരീ സമാജത്തിന്റെ നേതൃത്വത്തിൽ പീരുമേട് ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ കുട്ടിക്കാനം സഭാഹാളിൽ വച്ച് കൂടിവരവ് നടന്നു. യോഗത്തിൽ സുവിശേഷകൻ സജു ജോൺ കാലേബ് അദ്ധ്യക്ഷനായിരുന്നു. സഹോദരി സാലി ബിജു വചനശുശ്രൂഷ നിർവ്വഹിച്ചു. ഹൈറേഞ്ച് സോദരീസമാജത്തിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും.

## ബിലിവേഴ്സ് ബ്രദറൺ അസംബ്ലി–ഝാൻസി

**ഝാൻസി :** ഉത്തർപ്രദേശ് : ഝാൻസിയിലും ചുറ്റുപാടുകളിലും പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ബൻഡൽഖൻഡിലെ 12 ജില്ലകളിലെ 100 കണക്കിന് ഗ്രാമങ്ങളിൽ നടന്ന പ്രവർത്തനഫലമായി ലക്ഷക്കണക്കിനാളുകൾ സുവിശേഷം കേൾക്കുവാൻ ഇടയായി. ട്രാക്റ്റ്സ്, സുവിശേഷപ്രതികൾ, ബൈബിൾ, സി.ഡി. മുതലായവ ധാരാളമായി വിതരണം ചെയ്യുവാൻ സാധിച്ചു. തൽഫലമായി നൂറിൽ അധികം ആളുകൾ രക്ഷിക്കപ്പെടുകയും 50 പേർ സ്നാനപ്പെട്ട് സഭയോടുചേരുകയും ചെയ്തു. നാലുസഭകളും രണ്ടു സഭാഹാളുകളും ഉണ്ടാകുവാൻ ദൈവംകൃപ ചെയ്തു. 2011ൽ തുടർന്നു നടത്തുവാൻ ആഗ്രഹിക്കുന്ന പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

**വി.ബി.എസ്.** Garmau Village: മെയ് 23-26: Laxmanpura Village: മെയ് 30 – ജൂൺ 2, Sevadi Village : ജൂൺ 6-9, Nagara Jhansi ജൂൺ 13-16. **ഗോസ്പൽ ഔട്ട്റീച്ച് ടീം വർക്ക് :** Jhansi ജൂലൈ 11-14, Lalitpur ആഗസ്റ്റ് 15-18, Jalaun സെപ്റ്റംബർ 19-22, Hamirpur, നവംബർ 14-17, Chitrakoot ഡിസംബർ 12-15

### ഫാമിലി കോൺഫ്രൻസ് സീക്കേഴ്സ് ക്യാമ്പ് :

**വിഷയം : നിങ്ങൾ ഭൂമിയുടെ ഉപ്പ് ആകുന്നു (മത്താ. 5:13), തീയതി :** ഒക്ടോബർ 14, 15, 16., പ്രസംഗകർ : ഷാലു റ്റി. നൈനാൻ, ജിം മാത്യു, എഡ്വിൻപോൾ, സ്ഥലം : ഡയോഷ്യൻ പാസ്റ്ററൽ സെന്റർ – ഝാൻസി, കൂടാതെ ഒക്ടോബറിൽ സുവിശേഷ പ്രതികൾ വിതരണം ചെയ്യുവാനും ഡിസംബറിൽ പ്രത്യേക യോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ നടത്തുവാനും ആഗ്രഹിക്കുന്നു. (മോഹൻ സിംഗ്, റ്റൽസി മസി, ഫിലിപ്പോസ് പി.പി. : 09454559507)


**നിയോഗം**

| | | |
|---|---|---|
| Chief Editor | - | M.V. Babu |
| Editor | - | C.T. Johnykutty |
| Managing Editor | - | P.O. Samuel |
| Associate Editor | - | Shajahan V. Hassan |
| U.S. Co-ordianator | - | Rajan Thomas NY 914 347 2696 |

**Editorial Board**

| | | |
|---|---|---|
| Mathew Cherian | - | TX 281 487 1683 |
| Roy Varghese | - | GA 770 755 5345 |
| A.C. Thomas | - | Kallissery |
| George Samuel | - | Houston |

**Advisory Board**

| | | |
|---|---|---|
| K.J. Baby | - | PA |
| P.A. Philip | - | Doha |
| P.T. Philip | - | Houston |
| M.V. Sunny | - | Dubai |
| Geevarghese Thankachan | - | NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

**"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"**

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും
നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.

വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ),
25 ഡോളർ (യു.എസ്.എ), 500 രൂപ (ഗൾഫ്)

**വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ**

വാർത്തകൾ, രചനകൾ, കത്തുകൾ,
വരിസംഖ്യ, വിലാസമാറ്റം, എന്നിവ അയയ്ക്കേണ്ട വിലാസം

**M.V. BABU, NIYOGAM
KALLISSERY P.O,
KERALA - 689 124
PH:0479-2426084, 9447124260**

niyogampatram@yahoo.com
niyogampatram@gmail.com

E-mail - ൽ മാസിക ആവശ്യമുള്ളവർ E-mail ചെയ്യുക

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

niyogam
BRETHREN VARTHA PATHRIKA
2011 മെയ് 5

## സത്യം സെമിനാരി പുതിയ ബാച്ച് പ്രവേശനം

**കട്ടപ്പന** : സത്യം തിയോളജിക്കൽ സെമിനാരിയുടെ അഞ്ചാമത്തെ ബാച്ച് ജൂൺ 6മുതൽ പഠനം ആരംഭിക്കുന്നു. സ്ഥലം സഭകൾ ശുപാർശ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കും. ബി.റ്റി.എച്ച്, ഡിപ്ലോമ ഇൻ തിയോളജി കോഴ്സുകൾക്കാണ് ബിരുദങ്ങളും ഡിപ്ലോമാകളും നൽകുന്നത്. സെമിനാരിയിൽ പഠനം പൂർത്തിയാക്കിയവർ 46ലധികം സ്ഥലംസഭകൾ ഇതിനോടകം രൂപം നൽകിയിട്ടുണ്ട്. കേരളം, ആന്ധ്രപ്രദേശ്, തമിഴ്നാട്, ഒറീസ്സാ, നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരാണ് ഇപ്പോഴത്തെ ബാച്ചിലുള്ളത്. വചനത്തോടൊപ്പം സുവിശേഷ പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുന്നു.പ്രഗൽഭരായ നിരവധി ബ്രദറൺ അധ്യാപകർ വിവിധ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അടുത്ത ബാച്ചിലേക്കുള്ള പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സെമിനാരിയുമായി ബന്ധപ്പെടുക. ബ്രദ. സി.വി.വടവന 09447126182

## പ്രാർത്ഥനയ്ക്ക്

**പീരുമേട് :** സുവിശേഷകൻ ഷാജഹാൻ വി. ഹസ്സൻ ബൈക്കപകടത്തിൽപ്പെട്ട് കാലിന് 2 ഒടിവു സംഭവിച്ചു . സർജറി കഴിഞ്ഞു. ചികിത്സയിൽ റ്റി.എം.എം.ൽ കഴിയുന്നു.

**കൊടുങ്ങല്ലൂർ** സഭാംഗമായ ഡോ. മെട്ടി തലയ്ക്ക് ഒരു സർജറി ആവശ്യമായിരിക്കുന്നു. അമൃത ഹോസ്പിറ്റലിൽ അഡ്മിറ്റാണ്.

**കുടിയാമല:** പക്ഷവാതരോഗി ആയിരുന്നു ക്ലാരമ്മ തോമസിന് തുടയെല്ലിന് പൊട്ടലുണ്ടായി ചികിത്സയിൽ കഴിയുന്നു.

**തിരുവനന്തപുരം :** ഉറിയാക്കോട് പൊന്നെടുത്തകുഴി ബെഥേലിൽ സൂസി ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു.

**മധുര :** പരേതനായ എം.ഇ. ചെറിയാൻ സാറിന്റെ മകൻ ജോൺസ് ചെറിയാൻ ഹൃദയാഘാതത്തെ തുടർന്ന് ഐ.സി.യൂ-വിൽ കഴിയുന്നു.

**ഇടുക്കി** : സുവി. ശീമോനും കുടുംബവും ഓട്ടോ അപകടത്തെ തുടർന്ന് തിരുവല്ല മെഡിക്കൽ മിഷനിൽ ചികിത്സയിലാണ്.

**വാഴൂർ :** സുവി. ഷിബു കുറിയാക്കോസ് ബൈക്ക് അപകടത്തെ തുടർന്ന് തോളെല്ലിനും വലതുകൈയ്ക്കും കാലിനും മുറിവുകൾ ഉണ്ട്.

**റെഹിമ -സൗദി** : ഐസക്ക് ആംബ്രോസ് നാഗർ കോയിൽ ഏപ്രിൽ 27 ന് റോബോട്ടിക്ക് ബൈപാസ്സ് സർജ്ജറിക്ക് വിധേയനായി.

**ചെന്നൈ:** കരിക്കൽ സഭാംഗം റോബർട്ട് 17.4.11 ൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി. ആഴ്ചയിൽ രണ്ടു പ്രാവശ്യം ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്നു.

**ജാബുവ** മദ്ധ്യപ്രദേശ് :സുവി. പി. റ്റി. തോമസ് 8.3.11 ൽ വെല്ലൂർ സി.എം.സി.യിൽ ആഞ്ചിയോപ്ലാസ്റ്റി കഴിഞ്ഞ് വിശ്രമിക്കുന്നു.

**എടപ്പള്ളി** : സാബു വർഗ്ഗീസ് പാൻക്രിയാസിന്റെ വീക്കത്തിന് ചികിത്സ തുടരുന്നു.

**പള്ളിപ്പാട്** : സാബുവർഗ്ഗീസ് മോവാർഡ് സിൻഡ്രം ബാധിച്ച് വർഷങ്ങളായി ചികിത്സയിലാണ്.

**ഡിട്രോയ്റ്റ്** : റോയി ജെയിക്കബ് ബ്രെയിൻ ട്യൂമറിനെ തുടർന്ന് കീമോയും റേഡിയേഷനും തുടരുന്നു.

**ദുബൈ:** അനീഷ് ജേക്കബ് ചികിത്സ തുടരുന്നു.

## കുന്നത്തൂർ കൃഷ്ണഗിരിജില്ല

ബാംഗ്ലൂരിൽ നിന്ന് മാസത്തിൽ ഒരിക്കൽ ഇവിടെ വന്ന് ബൈബിൾ അദ്ധ്യായനവും പ്രാർത്ഥനയോഗവും നടത്തുന്നു. ഇവിടെ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരും അതുപോലെ സ്നാനത്തിനായ് തയ്യാറായിരിക്കുന്ന ചിലരുമുണ്ട്. ഇവിടെ നമ്മുടെ സഭയുടെ ഒരു കൂടിവരവ് ഉണ്ടാകുവാൻ പ്രാർത്ഥിക്കുക. ഇവിടെ താമസിച്ചു പ്രവർത്തിക്കുവാൻ, കർത്താവിനാൽ വിളിക്കപ്പെട്ട സമർപ്പണത്തോടുകൂടി ദൈവവേലചെയ്യുവാൻ ആഗ്രഹിക്കുന്നവർ മുന്നോട്ട് വരേണമെന്ന് താൽപ്പര്യപ്പെടുന്നു. ബന്ധപ്പെടുക ഡേവിഡ് കണ്ടത്ത്, ഫോൺ: 09241103530

## ബ്രദറൺ അസംബ്ലി കുന്നൻപാറ

കുന്നൻപാറ, തിരുവനന്തപുരം : വട്ടിയൂർക്കാവ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന സഭയാണ് കുന്നൻപാറ ബ്രദറൺ അസംബ്ലി. 2008-ൽ സ്റ്റുവർഡ് അസോസിയേഷന്റെ പേരിൽ വാങ്ങിയ ഷീറ്റിട്ട ഷെഡ് ഇപ്പോൾ പുതുക്കി പണിതുവാർക്കുവാൻ കർത്താവു സഹായിച്ചു. അതിന്റെ സ്തോത്രശുശ്രൂഷ, 2011 മാർച്ച് 19-ാം തീയതി ഉച്ച കഴിഞ്ഞ് 2.30ന് ആറാമട സഭയുടെ സഹകരണത്തിലും തിരുവനന്തപുരത്തെ അനേകം സഭാപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ സഹോ. ജോർജ്ജ് സി. വർഗ്ഗീസ് (പട്ടം) അദ്ധ്യക്ഷനും, ഡോ. കെ. സി. ജോൺസൺ (മാവേലിക്കര) പ്രസംഗകനും ആയിരുന്നു. സ്തോത്രശുശ്രൂഷ അനുഗ്രഹപ്രദമായി നടക്കുവാൻ കർത്താവ് സഹായിച്ചു. പ്രാർത്ഥിച്ചവർക്കും കൂട്ടായ്മ കാണിച്ചവർക്കും കർതൃനാമത്തിൽ നന്ദി അറിയിക്കുന്നു. ഇനിയും നല്ലൊരു തുക കടബാദ്ധ്യതയായിട്ടുണ്ട്. തുടർന്നും ഈ സ്ഥലത്തെ പ്രവർത്തനത്തെ പ്രാർത്ഥനയുടെ കരങ്ങളിൽ വഹിക്കുക. (സഭയ്ക്ക് വേണ്ടി ഇവാ. എസ്. ജി. ഗിൽബർട്ട്, പ്രദീപ്.)

## ഗ്രാമസുവിശേഷീകരണം-ഒറീസ്സാ

ലംതാപുട്ട് : ലംതാപുട്ട് ബ്രദറൺ അസംബ്ലിയുടെ നേതൃത്വത്തിൽ ഒറീസ്സയിലെ മുന്നൂറോളം ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ഇടയായി. "ഔട്ട് റീച്ച് 2011" ജനുവരി 10ന് ആരംഭിച്ച് ഏപ്രിൽ 2ന് അനുഗ്രഹകരമായി സമാപിച്ചു. അനേകർ യേശുവിനെ കർത്താവായി അംഗീകരിച്ചു. ഏപ്രിൽ 11ന് ആരംഭിച്ചഫോളോ അപ്പ് ജൂൺ 11വരെ തുടരും. പതിനൊന്നാമത് ബൈബിൾ ട്രെയിനിംഗ് ബാച്ച് ജൂൺ 27ന് ആരംഭിക്കും. പുതിയതായി രക്ഷിക്കപ്പെട്ട് സമർപ്പിക്കപ്പെട്ട് വചനപഠനതാല്പര്യമുള്ള 12 തദ്ദേശിയ യുവാക്കൾക്കാണ് ബൈബിൾ ക്ലാസ് ആരംഭിക്കുന്നത്. നിരാശ്രയരായ 10 കുട്ടികളും ക്ഷേമമായിരിക്കുന്നു. എല്ലാവരും ഈ വർഷം പാസ്സായി. പഠനത്തിലും ദൈവഭയത്തിലും വളരുന്നു.

മെയ് മാസത്തിൽ 6 സ്ഥലങ്ങളിൽ വി.ബി.എസും ലംതാപുട്ടിൽ 3 ദിവസത്തെ കുട്ടികളുടെ ക്യാമ്പും നടക്കുന്നു. ഇവിടെയുള്ള പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി തുടർന്നും പ്രാർത്ഥിക്കുകയുംസഹകരിക്കുകയും ചെയ്യുക. സുലൈമാൻ സോബർ, കെ. സി. തോമസ്, അക്കൗണ്ട് നമ്പർ : 12056, IOB Jeypore (K), Odisha

## ഏകദിന സമ്മേളനം ക്രാരിയേലി ബ്രദറൺ അസംബ്ലി

ക്രാരിയേലി ബ്രദറൺ സഭാഹാളിൽ വച്ച് ഏപ്രിൽ 15-ാം തീയതി വെള്ളിയാഴ്ച ഒരു ഏകദിന സമ്മേളനം നടത്തുവാൻ ദൈവം കൃപ ചെയ്തു. ബ്ര.ഏബ്രഹാം ചെമ്പോല (ജി.റ്റി.സി. ഡയറക്ടർ) "ദൈവസഭ അന്ത്യകാലത്ത്" എന്ന വിഷയം ആസ്പദമാക്കി ദൈവവചനം ശുശ്രൂഷിച്ചു. അന്നേദിവസം നടന്ന സ്നാനശുശ്രൂഷയിലും അയൽ സഭകളിൽ നിന്നും അനേക സഹോദരി-സഹോദരന്മാർ പങ്കെടുത്തു. മെയ് മാസം 14-ാം തീയതി ശനിയാഴ്ച ക്രാരിയേലി ബ്രദറൺ സഭാഹാളിൽ വെച്ച് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ഏകദിന സമ്മേളനം നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളനത്തിൽ ബ്ര. പി.സി. വർഗ്ഗീസ് (പെരുവ) വചനം ശുശ്രൂഷിക്കുന്നു. ഈ ശുശ്രൂഷകളെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുകയും കടന്ന് വന്ന് സഹകരിക്കുകയും ചെയ്യണമേ എന്ന്, സഭയ്ക്കുവേണ്ടി സഹോദരന്മാർ :ജോയി കെ. വർഗീസ്, പി.പി. ജോണി, സുവി. പി.കെ. ജോയി.

## കുടുംബസംഗമം സമാപിച്ചു

**ചെറുപുഴ :** കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ദൈവജനത്തിന്റെ ആത്മീയ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള കുടുംബസംഗമം അനുഗ്രഹകരമായി സമാപിച്ചു. ചെറുപുഴ അസംബ്ലി ഹാളിൽ ഏപ്രിൽ 2ന് നടന്ന കുടുംബസംഗമത്തിൽ ഇരു ജില്ലകളിലേയും സ്ഥലം സഭകളിൽ നിന്നുമുള്ള സുവിശേഷകന്മാരും ഇടയന്മാരും വിശ്വാസികളും സംബന്ധിച്ചു. സുവി. കെ. വി. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം സുവി. ഏ. പി. ഫിലിപ്പോസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. പി. എം. ഏബ്രഹാം സ്വാഗതം ചെയ്തു. ബ്രദർ സി. എം. ജേക്കബ് (ഷാർജ), ബ്രദർ ജോസഫ് ആന്റണി എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

ദൈവീക ശുശ്രൂഷയിലും ഉപദേശത്തിലും കൂട്ടായ്മയിലും സുവിശേഷം അറിയിക്കുന്നതിലും ദൈവജനം വിശ്വസ്തരായിരിക്കുക എന്ന ശക്തമായ സന്ദേശം ബ്രദർ സി. എം. ജേക്കബ് നൽകി. ദൈവജനത്തിന്റെ മധ്യത്തിൽ ഭിന്നതയുടെ വിത്തു വിതയ്ക്കുന്ന സാത്താന്റെ തന്ത്രങ്ങളെ വിശ്വാസി തിരിച്ചറിഞ്ഞു അവനെ പരാജയപ്പെടുത്തണമെന്നും ബ്രദർ ജോസഫ് ആന്റണി ഉദ്ബോധിപ്പിച്ചു. ക്രിസ്തീയ വിശ്വാസികൾ കടുത്ത പ്രതിസന്ധികളെ നേരിടുന്ന കാലഘട്ടത്തിൽ കുളിർമ്മയുടെ അനുഭവം പകരുന്നതായിരുന്നു കുടുംബസംഗമം. സുവി. കെ.എൻ. തോമസിന്റെ പ്രാർത്ഥനയോടെ സംഗമം സമാപിച്ചു.

## സമർപ്പണശുശ്രൂഷ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, കിഴക്കേകോട്ട തൃശൂർ

**തൃശൂർ :** കിഴക്കേകോട്ട ബ്രദറൺ ചർച്ചിനുവേണ്ടി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ സ്തോത്രശുശ്രൂഷ 2011 ഏപ്രിൽ 16 ശനിയാഴ്ച നിർവ്വഹിച്ചു. സുവി. ചാണ്ടപ്പിള്ള ഫിലിപ്പായിരുന്നു മുഖ്യസന്ദേശം നൽകിയത്. സുവി.എം. എ. ജോയി, എം. എ. ജോസ്, ബെന്നി മാത്യു, ജോസ് മാത്യു, എ. എം. പ്രസാദ്, കെ. സി. സൈമൺ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. 75 ലക്ഷം രൂപ ചിലവാക്കി നിർമ്മിച്ച സഭാഹാളിന്റെ ശിലാസ്ഥാപനം 2009 ഡിസംബറിൽ സുവി. എം. എ. ജോയി നടത്തി. 2000 Sq.ft വിസ്തീർണ്ണമുള്ള ഹാളും 1800 Sq.ft വിസ്തീർണ്ണമുള്ള മുകൾനിലയും ആണ് പണിതിരിക്കുന്നത്.

നാഗൽസായിപ്പിന്റെ കൈക്കീഴിൽ 4 പേരുടെ സ്നാനത്തോടെ 1903ലാണ് തൃശൂരിൽ ഒരു കൂടിവരവ് ആദ്യമായി ആരംഭിക്കുന്നത്. കിഴക്കേകോട്ട സഭയ്ക്ക് കൂടി വരുന്നതിനായി നാഗൽസായിപ്പിന്റെ നേതൃത്വത്തിൽ 1910-ൽ സഭാഹാൾ ഇപ്പോൾ സ്ഥിതി ചെയ്യുന്ന വസ്തു വാങ്ങി. ഓടു മേഞ്ഞ കെട്ടിടത്തിൽ അരനൂറ്റാണ്ടിലധികം കാലം സഭ കൂടിവന്നു. 1972-ൽ ഇവിടെ വാർക്ക കെട്ടിടം പണിത് അതിൽ കൂടി വരവ് തുടരുകയും 1995 ജനുവരി ആദ്യം പി. സി, ജോർജ്ജ്, സി. ജെ. മത്തായി എന്നിവരുടെ നേതൃത്വത്തിൽ ചേലോട്ടുകരയിൽ സഭ ആരംഭിച്ചതോടെ ബാക്കി 90 കുടുംബങ്ങൾ കിഴക്കേകോട്ടയിൽ തുടരുകയും 2008-ൽ 140 കുടുംബങ്ങളായി വളരുകയും ചെയ്തു.

നെല്ലിക്കുന്ന് രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി, 2007-ൽ ഈ സഭയിൽ ഇംഗ്ലീഷിൽ ബൈബിൾ ക്ലാസും 2008 ജനുവരി മുതൽ ഇംഗ്ലീഷിൽ ആരാധനായോഗവും കർതൃമേശയോടുകൂടി ആരംഭിച്ചു. 107 വർഷം പിന്നിട്ട മലയാളം കൂടിവരവിൽ 250 പേർ മേശയിൽ സംബന്ധിക്കുന്നു. കുട്ടികളുൾപ്പെടെ 400 പേരോളം ഉണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള രണ്ടുകൂടിവരവുകളും ഒരേ സംഘം മൂപ്പന്മാരാൽ ഭരിക്കപ്പെടുന്ന ഏകസഭയാണ് കിഴക്കേകോട്ട സഭ. സഭാസ്ഥാപനം ലക്ഷ്യമാക്കി നടത്തിയ സുവിശേഷീകരണത്തിന്റെ ഫലമായി ചുറ്റുപാടുകളിൽ 9 സ്ഥലം സഭകൾ സ്ഥാപിതമായി. ഈ സഭയിൽ നിന്നും 14 സുവിശേഷകന്മാരെ കമന്റ് ചെയ്തിട്ടുണ്ട്.

## വെസ്റ്റ് ചെസ്റ്റർ ബ്രദറൺ അസംബ്ലി

2170 Sawmill River Road, Elmsford 10523, Website : www.wbassembly.com
Mailing Address : Westchester Brethren Assembly, P.O. Box 285, Elmsford NY-10523, USA. വെസ്റ്റ് ചെസ്റ്റർ ബ്രദറൺ അസംബ്ലിയുടെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായിരുന്നു. ദൈവജനം പ്രാർത്ഥിക്കുക.

## സ്നാന ശുശ്രൂഷയും പ്രത്യേക മീറ്റിങ്ങും

മുംബൈ (സാക്കിനാക്ക) : ദൈവത്തിന്റെ അളവറ്റ കൃപയാൽ 27.3.2011 (ഞായറാഴ്ച) സാക്കിനാക്ക സഭയിൽ നിന്നും വസായി സഭയിൽ നിന്നുമായി 2 പേരുടെ സ്നാന ശുശ്രൂഷ നടത്തുവാൻ വലിയവനായ ദൈവം കൃപ ചെയ്തു. ബ്രദർ പി. എ. സാമുവേൽ തൃശ്ശൂർ സ്നാനശുശ്രൂഷ നിർവ്വഹിച്ചു. അന്നേ ദിവസം ഇരു സഭകളും ചുറ്റുപാടുമുള്ള സ്ഥലം സഭകളിലെ സഹോദരീസഹോദരന്മാർ ചേർന്ന് കർത്തൃമേശയോടുകൂടെ സാക്കിനാക്ക സഭയിൽ ദൈവത്തെ ആരാധിച്ചു. മാർച്ച് 29, 30, 31 ദിവസങ്ങളിൽ സാക്കിനാക്ക സഭയിൽവെച്ച് വൈകിട്ട് പ്രത്യേക മീറ്റിംഗുകളും നടത്തപ്പെട്ടു. മഹാപുരോഹിതന്റെ വിശുദ്ധവസ്ത്രങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് ബ്രദർ പി. എ. സാമുവേൽ വചനം ശുശ്രൂഷിച്ചു. ശുശ്രൂഷകളെ ദൈവം അനുഗ്രഹിച്ചു. തുടർന്നും സാക്കിനാക്ക സഭയെയും ഇവിടെയുള്ള ദൈവജനത്തെയും നടത്തിവരുന്ന ശുശ്രൂഷകളെയും ഓർത്ത് ദൈവജനം പ്രത്യേകം പ്രാർത്ഥിക്കേണമേ. എന്ന് സഭയ്ക്കുവേണ്ടി :

ബ്രദ. രാജൻ ജോസഫ്

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com